**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **04-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊവിഡ് പ്രതിസന്ധി സൃഷ്ടിച്ച ദുർഘട സാഹചര്യത്തിൽ അധികാരത്തിലേറിയ ഈ സർക്കാർ എല്ലാവരെയും ഉൾച്ചേർക്കുന്ന സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനത്തിന് പ്രാരംഭം കുറിക്കുന്നതിന് പ്രഖ്യാപിച്ച നൂറുദിന പരിപാടികൾ ലക്ഷ്യം സഫലീകരിക്കുന്നതിൽ വിജയിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. നൂറുദിന കർമ്മ പരിപാടിയിൽ 32 വകുപ്പുകളിൽ നിന്നായി 181 പദ്ധതികൾ ഉൾക്കൊള്ളിച്ചതിൽ 100 ദിവസങ്ങൾക്കുള്ളിൽ 137 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്, അവശേഷിക്കുന്ന 44 പദ്ധതികൾ പൂർത്തീകരണപാതയിലാണ്. 100 ദിന കർമ്മപരിപാടിയിൽ 100 ദിവസങ്ങൾക്കുള്ളിൽ 75,000 തൊഴിൽ അവസരങ്ങൾ വിവിധ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയിൽ സൃഷ്ടിക്കുന്നതിനായി ലക്ഷ്യമിട്ടു പ്രവർത്തിച്ചതിൽ 80559 തൊഴിലവസരങ്ങൾ (107%) സൃഷ്ടിക്കുവാൻ സാധിച്ചുവെന്നത് വലിയ നേട്ടമാണ്. കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്ത www.100days.kerala.gov.in എന്ന പോർട്ടലിലൂടെ ഈ പദ്ധതിയുടെ പുരോഗതി പൊതുജനങ്ങൾക്കും നിരീക്ഷിക്കാവുന്നതാണ്.നൂറു ദിന പരിപാടിയിൽ ഉൾപ്പെടാത്ത മറ്റ് നിരവധി പദ്ധതികളും ഈ കാലയളവിൽ വിവിധ വകുപ്പുകൾ മുഖേന പൂർത്തീകരിച്ചിട്ടുണ്ട് . |
| (ബി) | ജനങ്ങളുടെ ക്ഷേമ, വികസനാവശ്യങ്ങൾ സമയബന്ധിതമായും ആസൂത്രിതമായും നിറവേറ്റുന്നതിന് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. നൂറുദിന കർമ്മ പരിപാടിയിൽ 32 വകുപ്പുകളിൽ നിന്നായി 181 പദ്ധതികൾ ഉൾക്കൊള്ളിച്ചതിൽ 100 ദിവസങ്ങൾക്കുള്ളിൽ 137 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്, അവശേഷിക്കുന്ന 44 പദ്ധതികൾ പൂർത്തീകരണപാതയിലാണ്. 100 ദിന കർമ്മപരിപാടിയിൽ 100 ദിവസങ്ങൾക്കുള്ളിൽ 75,000 തൊഴിൽ അവസരങ്ങൾ വിവിധ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയിൽ സൃഷ്ടിക്കുന്നതിനായി ലക്ഷ്യമിട്ടു പ്രവർത്തിച്ചതിൽ 80559 തൊഴിലവസരങ്ങൾ (107%) സൃഷ്ടിക്കുവാൻ സാധിച്ചുവെന്നത് വലിയ നേട്ടമാണ്. കർമ്മ |

| | | | |
|---|---|---|---|
| | | | പരിപാടിയുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്ത www.100days.kerala.gov.in എന്ന പോർട്ടലിലൂടെ ഈ പദ്ധതിയുടെ പുരോഗതി പൊതുജനങ്ങൾക്കും നിരീക്ഷിക്കാവുന്നതാണ്.നൂറു ദിന പരിപാടിയിൽ ഉൾപ്പെടാത്ത മറ്റ് നിരവധി പദ്ധതികളും ഈ കാലയളവിൽ വിവിധ വകുപ്പുകൾ മുഖേന പൂർത്തീകരിച്ചിട്ടുണ്ട് . |
| (സി) | നവ കേരള നിർമ്മിതിയെന്ന ലക്ഷ്യത്തിൽ എല്ലാവരെയും ഭാഗഭാഗാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സുപ്രധാന പരിപാടികളെക്കുറിച്ച് അറിയിക്കാമോ? | (സി) | പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയ ദുരന്തങ്ങൾ അതിജീവിച്ച് പുതിയ വികസന കാഴ്ചപ്പാടുകളും പ്രവർത്തനരീതികളും വഴി പുതിയ കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായാണ് നിലവിലുള്ള നാല് വികസന മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയേയും (RKI) ഉൾക്കൊള്ളുന്ന നവകേരളം കർമ്മപദ്ധതി - 2 ന് തുടക്കം കുറിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയതോതിൽ ബഹുജനങ്ങളെ അണിനിരത്തി, വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനവും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവും വഴി അടുത്ത മൂന്നു വർഷം കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. നവകേരള നിർമ്മിതിക്കായുള്ള പൊതുലക്ഷ്യങ്ങളും എല്ലാവരേയും ഭാഗഭാഗാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പരിപാടികളും ചുവടെ ചേർക്കുന്നു: പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന ആവശ്യങ്ങളും ജീവനോപാധിയും കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരുംകാല വെല്ലുവിളികളെക്കൂടി നേരിടാൻ കഴിയും വിധത്തിലുള്ള മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേന്മ ഉറപ്പാക്കിയും ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കുക. കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുക. പാരിസ്ഥിതിക സന്തുലനാവസ്ഥ നില നിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതി കൾക്ക് രൂപം നൽകുക. പരിസ്ഥിതി സൗഹൃദ നിർമ്മിതികളും, |

ഹരിതഊർജ്ജ വിനിയോഗവും, ഇ-വാഹന നയവും ഹരിത ടൂറിസവും ഉൾപ്പെടെയുള്ളവയിലൂടെ ജൈവ വൈവിധ്യ സംരക്ഷണത്തിനും പോഷണത്തിനും അനുഗുണമായ സാഹചര്യം സൃഷ്ടിക്കുക. വികസന പ്രക്രിയയുടെ മുഖ്യധാരയിൽ എത്താൻ കഴിയാതെ പോയവരുടെ ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യ ക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക. മണ്ണും-ജലവും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും അവയുടെ വിനിയോഗത്തിന് ശാസ്ത്രീയമായ രീതികൾ വികസിപ്പിക്കുകയും പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുംവിധം പ്രകൃതി വിഭവ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക. നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ ഊന്നിയ ഒറ്റ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത്, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം സാധ്യമാക്കി കൂടുതൽ ഫലപ്രദവും സുസ്ഥിരതയുള്ളതുമായ പദ്ധതികൾ നടപ്പാക്കുക. പാർപ്പിടവും ഉപജീവന മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ കണ്ടെത്തി അവരുടെ ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും വർദ്ധിപ്പിക്കുക. ആശുപത്രികളിലും പൊതു വിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽനിന്ന് ലഭിക്കുന്ന സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുക. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം, പൊതു ആസ്തികളുടെ പരിപാലനം, ആശുപത്രികളുടെയും ആരോഗ്യ സേവനങ്ങളുടെയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുക. വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യം, ധനസ്രോതസ്സ്, മനുഷ്യശേഷി എന്നീ വിഭവങ്ങളെയെല്ലാം തദ്ദേശ ഭരണ സ്ഥാപനതലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതി സൃഷ്ടിക്കുക. സോഷ്യൽ ഓഡിറ്റിംഗ്, സാമൂഹ്യ വിലയിരുത്തൽ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ ജനാഭിലാഷത്തിനനുസൃതമായ വികസനം സാധ്യമാക്കുക. സന്നദ്ധ സംഘടനകൾ, മത സ്ഥാപനങ്ങൾ, പ്രവാസികൾ, സർക്കാരിതര

സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള ജനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണ സഹകരണവും അധിക വിഭവ സമാഹരണത്തിനുള്ള പങ്കാളിത്തവും വികസന പ്രവർത്തനങ്ങളിൽ ഉൾച്ചേരുന്ന പുതിയ സംസ്കാരം വളർത്തുക. ആർജിക്കുന്ന നേട്ടങ്ങൾ വരുംകാല വികസന പ്രവർത്തനങ്ങൾക്കുള്ള ദിശാസൂചികയാക്കാൻ കഴിയും വിധത്തിൽ വിവരസഞ്ചയം (repository of knowledge) സൃഷ്ടിക്കുക. ഉത്തരവാദിത്തത്തോടെ സുതാര്യവും ഫലപ്രദവുമായ ഭരണ നിർവഹണം സാധ്യമാക്കുക. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും മോണിറ്ററിംഗിനും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കുക. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി ജനകീയ ക്യാമ്പയിനുകളായി പ്രവർത്തനങ്ങൾ നടപ്പാക്കുക. പുതിയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ എല്ലാ മേഖലയിലും പരമാവധി പ്രയോജനപ്പെടുത്തുക. വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനവും, പദ്ധതികളുടെ സംയോജനവും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പരമാവധി ലഭ്യമാക്കി പ്രവർത്തനങ്ങൾ നടപ്പാക്കുക. സുസ്ഥിരതയും കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കിയും പാരിസ്ഥിതിക നാശം ഉണ്ടാക്കാത്ത വിധത്തിലും പദ്ധതികൾ നടപ്പിലാക്കുക. ഹ്രസ്വകാല-ദീർഘകാല പ്രവർത്തന ങ്ങൾക്ക് പ്രത്യേക സമീപനം സ്വീകരിച്ചും സമയക്രമം കൃത്യമായി പാലിച്ചും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കുന്ന രീതി വികസിപ്പിക്കുക. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സംയോജനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കുക. വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുക. പ്രാദേശിക വിഭവ സമാഹരണത്തിന്റെയും സന്നദ്ധ പ്രവർത്തനത്തിന്റെയും ജനകീയ ഇടപെടലുകളുടെയും സ്പോൺസർഷിപ്പ് കളുടെയും രൂപത്തിൽ ലഭിക്കുന്ന വിഭവങ്ങളും പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുടെ ഭാഗമാക്കി മാറ്റുക. വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം എല്ലാ രംഗത്തും ഉറപ്പാക്കുകയും ഓരോ മേഖലയിലും നൂതന ആശയങ്ങളും ആഗോളതല മികച്ച പ്രവർത്തന മാതൃകകളും

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുകയും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി അവ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക. |

സെക്ഷൻ ഓഫീസർ